# ചെങ്ങഴി
# CHENGAZHI

*A peer reviewed research journal*

Vol.1 No. 1
January-June, 2019
1194 ധനു-ഇടവം



# ഉള്ളടക്കം

ഭരണകൂടഭീകരതയുടെ ആവിഷ്കാരം നോവലിൽ
സ്പാനിഷ് - മലയാളം നോവൽ താരതമ്യപഠനം 9
ആർ. ചന്ദ്രബോസ്

പയ്യന്നൂർ: പേരും പൊരുളും 17
പ്രൊഫ. ഇ. ശ്രീധരൻ

പുരുഷവിചാരണകൾ സാറാ ജോസഫിന്റെയും സക്കറിയയുടെയും കൃതികളിൽ 28
ഫാ. ജോബി ജേക്കബ്

വയനാടൻ പുലയരുടെ യാറൊറ —പ്രതിരോധത്തിന്റെ അനുഷ്ഠാന മാതൃക 37
ഡോ. സിനമോൾ തോമസ്

പരപ്പനാട്ടിലെ ഉപ്പുപടന്നകൾ സ്ഥലനാമങ്ങളിൽ 48
കലാചന്ദ്രൻ

കേരളവർമ്മയുടെ അവതാരികകൾ: വിമർശനാത്മകപഠനം 56
രമ്യ എൻ.

പൂവാംകുറുന്തിലതുള്ളൽ 62
ഡോ. നിബുലാൽ വെട്ടൂർ

ജലോപരിതലത്തിലെ ഉടലെഴുത്തുകൾ 66
പ്രൊഫ.വി. ലിസി മാത്യു

വിഭവസംസ്കാരവും ഉപകരണചരിത്രവും 76
ഡോ. രഞ്ജിത്ത് സി.കെ.,

മണൽജീവികൾ: പ്രാദേശികസംസ്കൃതിയുടെ പുനരെഴുത്ത് 86
ഡോ. ഗായത്രി കെ.പി.

പ്രാദേശികചരിത്രം—നവീനസാധ്യതകൾ 91
സിനി ജി.പി.

ജീവിതാവബോധങ്ങളും പരിസ്ഥിതിയും മലയാളത്തിലെ കടൽക്കവിതകളിൽ 96
കോകില പി.ഡി.

ആധുനികതയുടെ ഇന്ത്യ: 'ദൽഹി'യിലെ ഭക്ഷണസംസ്കാരത്തിലൂടെ 104
ഷീന വി.കെ.

മതം: അധിനിവേശം: ആഖ്യാനം: 'പരിഷ്കാരവിജയ'ത്തിൽ 112
ഡോ.അജിത ചേമ്പൻ

നോവലിലെ ഭാഷ: സാമൂഹികഭാഷാശാസ്ത്ര പാരായണം 125
ശരത് ചന്ദ്രൻ

134
...ന്വേഷണം 142
149
157
164
169
175
181
189
196
...നം 201
205
210
218
226

# ഭരണകൂടഭീകരതയുടെ ആവിഷ്കാരം നോവലിൽ

## സ്പാനിഷ് - മലയാളം നോവൽ താരതമ്യപഠനം

ആർ. ചന്ദ്രബോസ്
അസി. പ്രൊഫസർ, മലയാളവിഭാഗം, കേരള കേന്ദ്രസർവകലാശാല, പെരിയ, കാസർഗോഡ്

സൈദ്ധാന്തികവും പ്രത്യയശാസ്ത്രപരവുമായ കുഴമറിച്ചിലുകൾ കഴിഞ്ഞ നാലുദശക
ങ്ങളായി താരതമ്യസാഹിത്യത്തിൽ നിരവധി പ്രതിസന്ധികൾ സൃഷ്ടിച്ചിട്ടുണ്ട്. ദേശീയത
യോടുള്ള വൈകാരിക സമീപനവും പാർശ്വവത്കൃതസമൂഹങ്ങളുടെ ഉയിർത്തെഴുന്നേല്പും
സംസ്കാരപഠനമെന്ന ജ്ഞാനവ്യവഹാരത്തിനു ലഭിച്ച പരിഗണനകളുമെല്ലാം പ്രതിസന്ധി
സ്കിടയാക്കിയ കാരണങ്ങളാണ്. താരതമ്യ പഠനപദ്ധതിയുടെ വിശാലപരിപേക്ഷ്യങ്ങൾ
അപ്രസക്തമായതായി ഉത്തരാധുനിക വിമർശകർ പ്രഖ്യാപിച്ചു. സൂസൻ ബാസ്നറ്റ്, താര
തമ്യസാഹിത്യം അന്തരിച്ചു എന്ന് പറഞ്ഞപ്പോൾ ഗായത്രി ചക്രവർത്തി സ്പിവാക് Death
of a Descipline എന്ന ഗ്രന്ഥത്തിലൂടെ ഈ പഠനമേഖലയ്ക്ക് അന്തിമോപചാരമർപ്പിച്ചു.
രാഷ്ട്രീയ പ്രത്യയശാസ്ത്ര അവബോധം രൂപീകരിക്കുന്നതിൽ ഈ പഠനമേഖല നിർവ
ഹിച്ചപങ്ക് അവഗണിക്കാനാവില്ല. സാഹിത്യപഠനസമീപനങ്ങളുടെ മാറിയ പരിതോവ
സ്ഥയിൽ താരതമ്യപഠനത്തിലെ നവവിചാരമാതൃകകൾ സ്വീകരിച്ചുകൊണ്ട് സ്പാനിഷ്,
മലയാളം നോവലുകളെ ഭരണകൂടഭീകരത എന്ന പ്രമേയത്തിന്റെ ആവിഷ്കാരം മുൻനിർത്തി
വ്യത്യയാത്മക താരതമ്യത്തിനു വിധേയമാക്കുകയാണ് ഈ പ്രബന്ധത്തിൽ. പെറുവിലെ
നോവലിസ്റ്റും നോബൽസമ്മാനജേതാവുമായ മരിയോ വർഗാസ് യോസയുടെ ആടിന്റെ
വിരുന്ന് (The ieast of goat) എന്ന നോവലും ഇ. സന്തോഷ് കുമാറിന്റെ 'അന്ധകാരന
ഴി'യുമാണ് പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്.

### നവവിചാരമാതൃകകൾ

സാഹിത്യപഠനസമീപനങ്ങളുടെ മാറിയ പരിതോവസ്ഥയിൽ താരതമ്യ സാഹിത്യ
ത്തിൽ നിരവധി നവവിചാരമാതൃകകൾ ഇരുപതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ
താരതമ്യചിന്തകർ ആവിഷ്കരിക്കുകയുണ്ടായി. Comparative Literature in the Age
of Multiculturalism - Berheimer (1993), Comparative Literature in the Age
of Globalization –Haun Sanssy (2006) എന്നീ കൃതികൾ ഇതിന് തെളിവാണ്. രീതി
ശാസ്ത്രപരവും പ്രത്യയശാസ്ത്രപരവുമായ പ്രഹരങ്ങൾ താരതമ്യസാഹിത്യ പഠനപദ്ധതിക്ക്
ഏല്ക്കുന്നതിന് പതിറ്റാണ്ടുകൾക്കുമുമ്പുതന്നെ ജോനാഥൻകള്ളർ Comparative Literature